**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **05-12-2022 - ൽ മറുപടിയ്ക്ക്**

**കെ-റയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-റയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി തുടരേണ്ടതില്ല എന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പദ്ധതിക്ക് കേന്ദ്രാനുമതി കിട്ടുന്ന മുറയ്ക്ക് എസ്.ഐ.എ പഠനം ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളുമായി മുന്നോട്ട് പോകുന്നതാണ്. സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിനു സമർപ്പിച്ചിരിക്കുകയുമാണ്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനാ ഘട്ടത്തിലാണ്. പദ്ധതി തുടരേണ്ടതില്ല എന്ന നിലയിൽ തീരുമാനം എടുത്തിട്ടുള്ളതല്ല. |
| (ബി) | കെ-റയിൽ പദ്ധതിയുടെ അലൈൻമെന്റിന് ആവശ്യമായി വരുന്ന സ്വകാര്യ ഭൂമിയുടെയും റെയിൽവേ ഭൂമിയുടെയും വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് റെയിൽവേ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നൽകിയ മറുപടിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സിൽവർലൈൻ പദ്ധതി ഡി.പി.ആർ റെയിൽവേയുടെ അംഗീകാരത്തിനായി 17.06.2020 നു റെയിൽവേ ബോർഡിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. തുടർന്ന് പദ്ധതിയുടെ ഡി.പി.ആർ അവലോകനത്തിൻറെ ഭാഗമായി, സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിൻറെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ EIRR, FIRR, ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ട വിശദശാംശങ്ങൾ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ അധിക വിവരങ്ങൾ റെയിൽവേ ബോർഡ് റെയിൽവേ ബോർഡ് ആവശ്യപ്പെട്ട പ്രകാരം 12.08.2022 നു കൈമാറുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ